110(1076) നാളികേര കൃഷിവികസനം

ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ. സി. ജോസഫ് :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) നാളികേര കൃഷി വികസനത്തിനുവേണ്ടി ഈ സാമ്പത്തിക വർഷം സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിലേക്കായി എന്തു തുക വകയിരുത്തിയിട്ടുണ്ട്

(സി) സംസ്ഥാനത്ത് ചെറുകിട കൃഷിവികസനത്തിന് എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) ഇതിലേയ്ക്ക് കേന്ദ്ര സഹായം ലഭ്യമാക്കുമോ?

ഉത്തരം

(എ) നാളികേര കൃഷി വികസനത്തിനായി നാളികേര വികസന പദ്ധതി നടപ്പാക്കി വരുന്നു. കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ സംയോജിത നാളികേര വികസന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

(ബി) 850 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) ചെറുകിട കൃഷിവികസന പദ്ധതി എന്ന തരത്തിലുള്ള പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. സംസ്ഥാനത്തെ പ്രധാനപ്പെട്ട എല്ലാ കൃഷികളും മെച്ചപ്പെടുത്തുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

111 (1077) വിത്തുല്പാദന കേന്ദ്രങ്ങൾ

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കീഴിൽ എത്ര വിത്തുല്പാദന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്; ഏതെല്ലാം; എവിടെയൊക്കെ;

(ബി) നാളികേര വിത്തുല്പാദന കേന്ദ്രങ്ങൾ എത്രയുണ്ട്; എവിടെയെല്ലാം;

(സി) പ്രധാന നാളികേര വിത്തുകൾ ഏതെല്ലാം;

(ഡി) ഇവയിൽ കേരളത്തിന്റെ കാലാവസ്ഥക്ക് അനുയോജ്യമായതും രോഗ പ്രതിരോധശേഷിയുള്ളതും കഴിഞ്ഞ 50 വർഷത്തിനുശേഷം ഫലപ്രദമായി ഉപയോഗിക്കുന്നതുമായ തെങ്ങിൻതൈകൾ ഏതാണെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇത് കൃഷിക്കാരെ ബോദ്ധ്യപ്പെടുത്താൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ?

ഉത്തരം

(എ) കേരളത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത ഉടമസ്ഥതയിൽ വിത്തുല്പാദന കേന്ദ്രങ്ങളൊന്നും തന്നെയില്ല. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ആറളം സെൻട്രൽ സ്റ്റേറ്റ് ഫാമും കേരള സർക്കാരിന്റെ കീഴിൽ കൃഷി വകുപ്പുവക 61 ഫാമുകളും വിത്തുല്പാദന കേന്ദ്രങ്ങളായി പ്രവർത്തിച്ചുവരുന്നു. പേരും സ്ഥലവും സംബന്ധിച്ച വിവരങ്ങൾ അനുബന്ധത്തിൽ ചേർക്കുന്നു.†

(ബി) കൃഷിവകുപ്പിന്റെ കീഴിൽ നാളികേര വിത്തുല്പാദന കേന്ദ്രങ്ങളായി കൃഷി പ്രദർശന കേന്ദ്രം ചാലോടും, സീഡ്ഗാർഡൻ കോംപ്ലക്സ് മുണ്ടേരിയും പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ വടകര, ചാവക്കാട്, മലപ്പുറം എന്നിവിടങ്ങളിലും നാളികേര വിത്തുസംഭരണ കേന്ദ്രങ്ങൾ നിലവിലുണ്ട്.

(സി) ഡബ്ല്യൂ, സി.റ്റി, ടിxഡി, ഡിxറ്റി എന്നിവയാണ് പ്രധാന നാളികേര വിത്തുതേങ്ങായിനങ്ങൾ

(ഡി) കൃഷിവകുപ്പ് രോഗവിമുക്ത പ്രദേശങ്ങളിൽനിന്നും സംഭരിക്കുന്ന ഡബ്ളിയു. സി.റ്റി. ടിxഡി, ഡിxറ്റി എന്നീ വിത്തുതേങ്ങകൾ പാകി മുളപ്പിക്കുന്ന തൈകൾ കഴിഞ്ഞ 50 വർഷമായി ഫലപ്രദമായി ഉപയോഗിക്കുകയാണ്.

(ഇ) ഉണ്ട്. വിവിധ കർഷക സെമിനാറുകളുടേയും കൃഷിഭവനുകളുടെ ഫീൽഡ് പ്രവർത്തകരിലൂടെയും ഫാം ഇൻഫർമേഷൻ ബ്യൂറോ മുഖേനയും ഇതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

112(1078) റബ്ബറിന്റെ വില വർദ്ധിപ്പിക്കാനുള്ള നടപടി

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റബ്ബർ കൃഷിക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് റബ്ബറിന്റെ വില വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സിംഗപ്പൂരിലേക്ക് അൻപതിനായിരം ടൺ റബ്ബർ കയറ്റി അയക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചിരുന്നുവോ;

(സി) എങ്കിൽ ഇതുമൂലം ഗവൺമെന്റിന് ഉണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ:

(ഡി) നഷ്ടം സഹിച്ചും റബ്ബർ കയറ്റുമതി ചെയ്യാൻ വേണ്ടിയുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly